# സംസ്ഥാന ജി.എസ്.ടി വകുപ്പ്

ടാക്സ് ടവർ, കിള്ളിപ്പാലം

സെപ്റ്റംബർ 20, 2017 കരമന, തിരുവനന്തപുരം

## പത്രക്കുറിപ്പ്

## ജി.എസ്.ടി–ടി.ഡി.എസ് വിജ്ഞാപനം പുറത്തിറങ്ങി

തിരുവനന്തപുരം: വ്യാപാര ഇടപാടുകൾക്ക് ജി.എസ്.ടി നിയമം–51 പ്രകാരം ടി.ഡി.എസ് രജിസ്ട്രേഷൻ ബദ്ധ്യതയുള്ളവർക്ക് സെപ്റ്റംബർ 18 മുതൽ രജിസ്ട്രേഷൻ നിർബന്ധമാക്കി വിജ്ഞാപനം പുറത്തിറങ്ങി.

വിജ്ഞാപനപ്രകാരം സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സൊസൈറ്റികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവർ ടി.ഡി.എസ് രജിസ്ട്രേഷൻ എടുക്കണമെന്ന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.

## ജി.എസ്.ടി–റിട്ടേൺ സമർപ്പണ തീയതികൾ നീട്ടി.

തിരുവനന്തപുരം: ജി.എസ്.ടി നിയമപ്രകാരം വ്യാപാരികൾ സമർപ്പിക്കേണ്ട ജൂലൈ മാസത്തെ ജി.എസ്.ടി.ആർ. റിട്ടേണുകൾ സമർപ്പിക്കാനുള്ള അവസാന തീയതികൾ നീട്ടി.

നൂറു കോടിയിൽ കൂടുതൽ വിറ്റുവരവുള്ള വ്യാപരികൾ ജൂലൈ മാസത്തെ ജി.എസ്.ടി.ആർ.–1 റിട്ടേൺ ഒക്ടോബർ മൂന്നിനു മുൻപും, നൂറു കോടിയിൽ താഴെ വിറ്റുവരവുള്ള വ്യാപരികൾ ഒക്ടോബർ 10ന് മുൻപും സമർപ്പിക്കണം. ജി.എസ്.ടി.ആർ.–2 റിട്ടേൺ ഒക്ടോബർ 31ന് മുൻപും, ജി.എസ്.ടി.ആർ.–3 റിട്ടേൺ നവംബർ 10ന് മുൻപും സമർപ്പിക്കണം.

ട്രാൻ–1 ഡിക്ലറേഷൻ സമർപ്പിക്കാനുള്ള അവസാന തീയതി ഒക്ടോബർ 31 വരെയും നീട്ടിയതായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് അറിയിച്ചു.